# ഡിജിറ്റൽ മാഗസിൻ 2019 - '20



## നീലാകാശം
## നിറയെ
## പട്ടങ്ങാം

ഗവൺമെന്റ് ഹൈസ്കൂൾ - ബാര

# ലിറ്റിൽ കൈറ്റ്

## അംഗങ്ങൾ



# ഗവൺമെൻറ് ഹൈസ്ക്കൂൾ

# ബാര

## 2019 - ‘20

വിദ്യാലയ വർഷം

little KITEs

# സന്ദേശം



ഗവൺമെൻറ് ഹൈസ്കൂൾ ബാരയിലെ ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഇൻഫർമേഷൻ ടെക്നോളജിയുടെ ഈ കാലഘട്ടത്തിൽ അതിന്റെ സങ്കേതങ്ങൾ ഉപയോഗിച്ച് കുട്ടികളിലെ സർഗവാസനകളെ പരിപോഷിപ്പിക്കുകയും അവരുടെ സൃഷ്ടികൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ എല്ലാവരിലും എത്തിക്കുകയും ചെയ്യുക എന്നത് പ്രശംസനീയമാണ്. പ്രസിദ്ധീകരണരംഗത്ത് ഇൻഫർമേഷൻ ടെക്നോളജി വിജയപ്രദമായി ഉപയോഗിക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഒപ്പ്

ബാര — പ്രദീപ് . പി .ആർ

10 – ഡിസംബർ -2019 — ഹെഡ്മാസ്റ്റർ

# എഡിറ്റോറിയൽ ബോർഡ്



സ്റ്റുഡൻറ് എഡിറ്റർ : ഫാത്തിമ നാസ് 9 c

എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

: ശ്രേയ . ജി 9 C

: നന്ദന രാമകൃഷ്ണൻ 9 C

: അരുൺ രാജ് 9 C

: വൈഷ്ണവ് എൻ കജനായ 9 B

: ശ്രീഹരി 9 B

: അമൻ യശസ്വിൻ മഹാദേവ് 9 C

: അനുശ്രീ .കെ.കെ 9 B

വര : ദിയ. കെ 8 A

: ശ്രേയ . ജി 9 C

പ്രധാനാധ്യാപകൻ : പ്രദീപ് . പി.ആർ

സ്റ്റാഫ് എഡിറ്റർ : രാജീവൻ . വി .വി

: ശ്രീജ . എം

: പ്രഭാകരൻ .ടി : SITC

# താളുകളിൽ




- പേനകൾക്കായി.... 6
- അവർ..... 7
- കടലാസു ജീവിതം..... 7
- അവൾ 8
- ഒഴുക്ക് 9
- ഭീകരനാണവൻ 10
- സമരം 11
- നിഴലിനോട് 12
- ഇരുണ്ട മൂടിയ രാത്രിയിൽ നിലാവിൻ 13
- വാല്മീകത്തിൽ 14
- സന്ധ്യാവിശുദ്ധി 15
- ഉണരുക 16
- ജീവിതമാം ഒഴുക്കിൽ ... 17
- തുള്ളിച്ചാട്ടം 18
- FRIGHTENING WORLD 19
- LIVING BOND.... 19
- OUR GOOD LUNGS 20
- Images 21
- മിഴി 22
- എന്റെ വിദ്യാലയം 23
- ഒഴുകിക്കൊണ്ടിരിക്കുന്ന 24
- മഴ 25
- കൂട്ടുകാരി 26
- സ്മൃതിസഞ്ചാരം 27
- ബാരയുടെ പ്രാദേശിക ചരിത്ര രചന 28 – 37

വിരൽത്തുമ്പത്തും വേണം,നിയന്ത്രണം.... 38 –40

## പേനകൾക്കായി....

പേനകൾക്കായി....
ശവപ്പെട്ടി....
അതു മനുജനുമാത്രമോ?
അല്ല..
ഇന്നു ഞാൻ
എൻ വിദ്യാലയ മുറ്റത്ത്
സ്ഥാപിച്ചൊരാപെട്ടികണ്ടു!!!!!
ആശ്ചര്യത്തോടെ
ആരാഞ്ഞെൻ സഖിയോട്
അവൾ മൊഴിഞ്ഞു
നീയറിഞ്ഞില്ലെ....
ഇതുമൊരു ശവപ്പെട്ടി
പേനകൾക്കായി..
സ്നേഹവും പ്രണയവും
ആഹ്ലാദവും ആശ്ചര്യവും
എല്ലാമെഴുതി.....
തന്നിലെ രക്തമാം
മഷിതീർന്നു
ഉപയോഗശൂന്യമായ്
ഉപേക്ഷിക്കപ്പെട്ട പേനകളുടെ
വിശ്രമത്തിനായി
ഹരിതമിഷൻ സ്ഥാപിച്ചതാണുപോൽ....

ശ്രേയ . ജി   9 C

## അവർ.....

ഒരു ചുള്ളിക്കമ്പു കൊണ്ട്
അനുരാഗം തേടുന്നവർ
ഒരു ആണിക്കല്ലു കൊണ്ട്
ജീവാമൃതം തേടുന്നവർ
രണ്ടു കൂട്ടരും ഒരേ തറക്കല്ലിലാണല്ലോ
ജീവിക്കുന്നതും......

## കടലാസു ജീവിതം

വള്ളിച്ചെടികളാൽ നട്ടുപിടിപ്പിച്ച
എൻ മധുരമാം ജീവിതം
മുഷ്ടികളിൽ ചുരുണ്ടുകൂട്ടിയ
കടലാസു കഷ്ണങ്ങൾക്കു തുല്യം.
ഓരോ ഇലയ്ക്കൊപ്പം
പിന്നിലായ് ജീവിതം
അന്ത്യത്തിൻ ചുവടുകൾ
എണ്ണിത്തുടങ്ങുന്നു........

Fathima .K.V
IX C

# അവൾ

വികൃതമായ വഴിയിലൂടെ അവൾ നടന്നെത്തിയത് ദൂരെ നിന്നേ കണ്ട ആ കുടിലിലേക്കായിരുന്നു.ക്ഷീണം അവളുടെ ഉറക്കത്തിന് കാരണമായതിനാൽ അവൾ അവിടെ നിദ്രയിലാണ്ടു പോയി.അവളുടെ മൃദുലമായ കൈത്തടങ്ങളിപ്പോൾ മുറിവുകൾ മൂടിയിരിക്കുകയാണ് . എന്നാൽ അവളുടെ കവിൾത്തടങ്ങൾക്ക് അതേ മൃദുലതയും ചുവപ്പും ഉണ്ടായിരുന്നു. ആ ചെകുത്താൻമാരുടെ കൈയ്യിൽ നിന്നും രക്ഷപ്പെട്ടെത്തിയത് അവരുടെ കോട്ടയിലായിരുന്നെന്ന് ആ പെൺകുട്ടി അറിഞ്ഞിരുന്നില്ല.ദേഹത്തെവിടെയും ചോരവാർന്ന പാടുകൾ.എങ്കിലും വിശപ്പുണ്ടായിരുന്നില്ല,എന്നത് ഒരാശ്വാസമായിരുന്നു.അടച്ചുറപ്പില്ലാത്ത ആ ചെറ്റക്കുടിൽ വൈകുംതോറും അവളിൽ ഭീതിയുടെ കൊട്ടാരം പണിതുകൊണ്ടേയിരുന്നു.തന്റെ അമ്മയുടെ വിഷമം അവളുടെ ഉറക്കത്തെ ഇടയ്ക്കിടക്ക് തല്ലിക്കെടുത്തി.തന്റെ മകനെ മാറോട് ചേർത്തായിരിക്കാം തണലില്ലാത്ത ആ അമ്മ കരയുന്നത് . ഏറെ വൈകാതെ ആ ചെകുത്താന്മാർ അവളെത്തേടി എത്തിയിരുന്നു.ആ പാവം അപ്പോഴും പാതി മയക്കത്തിലായിരുന്നു.തന്റെ കരങ്ങളെ മുറുകെ പിടിച്ച ആ കൈകളെ അവൾ നിശ്പ്രയാസം തിരിച്ചറിഞ്ഞു .അവൾ കിടന്നിരുന്ന മുറിയുടെ തൊട്ടടുത്ത മുറിയിലേക്കവർ അവളെ ഒരു പേപ്പട്ടിയെപ്പോലെ വലിച്ചിഴച്ചു.പൊടിപടലങ്ങൾ അവൾക്ക് പിന്നാലെയും.അതികം വൈകാതെ അവൾ ഒരോർമ്മയായി......ഒരോ പെണ്ണിനേയും പോലെ.നീതിയുടെ കണ്ണടഞ്ഞപ്പോൾ ആ കുടിലിൽ വീണ്ടും പെൺ കരച്ചലിന്റെ പ്രതിധ്വനി.

**നന്ദന രാമകൃഷ്ണൻ 9**

# ഒഴുക്ക്

ആകാശത്തെ മുഖം കറുപ്പിച്ച
മേഘങ്ങൾ
ഉറക്കെ കര
തൊണ്ട വറ്റി ശബ്ദം
നഷ്ടപ്പെട്ടു തുടങ്ങിയ
പുഴകളെ
പ്രതികാരപാഠം പഠിപ്പിച്ചു
പുഴക്കൈകൾ
മനുഷ്യപാടത്തിലൂടെ
കൊലയന്ത്രങ്ങളായി
ഉയർന്ന മതിലുകളും അതിരുകോട്ടകളും
അടിവേരോടെ പിഴുതെറി
എല്ലാവരേയും ഒരേ തണലിൽ പാർപ്പിച്ചു
ഒരുമയുടെ ഒരേ രുചി വിളമ്പി
സംതൃപ്തിയോടെ മടങ്ങി
പുഴകൾ പഴയസ്ഥാനത്ത്
ശാന്തമായൊഴുകി
നിരന്തരമായ് വന്ന ലോറികൾ
പുതിയ മതിലുകൾക്കായി
കല്ലുകൾ അടുക്കിവച്ചു.

**ആര്യനന്ദ.കെ X C**

# ഭീകരനാണവൻ

ഭീകരനാണവൻ
ഭീകരനാണവൻ .....കൊടും ഭീകരനാണവൻ
രക്തം ചീറ്റിപ്പായുന്ന ഡ്രാക്കുളയേക്കാളും ശക്തനാണവൻ
കണ്ണീർപാടങ്ങളിൽ താളം തെറ്റിച്ചോടിയ
തീവണ്ടിയേക്കാളും വില്ലളിയാണവൻ
ഊതിക്കെടുത്തിയ ജീവന്റെ താളുകളിൽ
കാണാകണ്ണുമായി അലറിക്കര ഞ്ഞവൻ
അമ്മിഞ്ഞപ്പാലിൻെറ മധുനുകരാനെത്തിയ
ശലഭങ്ങളെ ചിറകരിഞ്ഞ് കൊണ്ടു പോയവനാണവൻ
ആഴക്കടലിൻെറ കനിവിനെ കുടിച്ച
ശക്തനും ധീരനുമാണവൻ

നബീൽ 9 C

# സമരം

പൂക്കൾ സമരത്തിൽ:
ഇനി വിരിയുവാൻ വയ്യ
വണ്ടുകൾ പട്ടിണിയിൽ
ജോലിക്ക് കൂലിയില്ല
കാറ്റും മഴയും വെയിലും മഞ്ഞും
ഒത്തുതീർപ്പിന് അവസാനം
തേനറ തുറന്ന്
പരാഗണം പുന:സ്ഥാപിച്ച്
വസന്തത്തിന്റെ ചർച്ചകൾ.
ഉദ്യാനത്തിലിന്ന് ആയിരത്തിലിന്ന്
ആയിരങ്ങൾ അണിനിരന്ന ആഹ്ലാദപ്രകടനം.

# നിഴലിനോട്

**മനസ്സിൽ തെറിക്കുന്ന**

**വിഷമങ്ങളാൽ ഞാൻ**

**എൻ നിഴലിനോട് ചോദിച്ചു**

**എന്തിനെൻ പിന്നാലെ**

**നടന്നിടുന്നു നീ**

**എന്നെ വിട്ട് ഒന്നു മറഞ്ഞൂടെ**

**ആ നേരം പുഞ്ചിരിച്ച്**

**എൻ നിഴൽ പറഞ്ഞു**

**ഞാൻ മറഞ്ഞാൽ പിന്നെ**

**നിനക്കാരുണ്ട് ?**

**- അനുശ്രീ.കെ.കെ 8C**

## ഇരുണ്ട മൂടിയ രാത്രിയിൽ നിലാവിൻ

വെളിച്ചത്തിൽ ....
കണ്ടു  ഞാൻ ഒരു കിനാവ് ....
മായാതെ എന്നും മറക്കാതെ ....
തങ്ങിനിന്നു എൻ മനസ്സിൽ ....
നിറഞ്ഞ ജാലകം തുറന്നു ....
കര ഞ്ഞ രാവുകൾ മാഞ്ഞു ....
ഓർക്കാനായി ഒരു ദിനം ....
എന്നും മായാതൊരു ദിനം ....
എൻ സ്വപ്നങ്ങൾ പൂവണിയും നാൾ ....
അതന്റെത് മാത്രം ..............

**-Arjun 9 C**

# വാല്മീകത്തിൽ

ഞാനെന്റെ വാല്മീകത്തിൽ

ഇത്തിരി നേരം

ധ്യാന ലീനനായി ഇരുന്നത്

മൗനമായ് മാറാനല്ല .

മൗനത്തെ മഹാശബ്ദമാക്കുവാൻ

നിശ്ചഞ്ചല ധ്യാനത്തെ ചലനമായി

ശക്തിയായി ഉണർത്തുവാൻ ,

അന്തരിന്ദ്രിയ നാഭീ പത്മത്തിനുള്ളിൽ

പ്രാണസ്പന്ദങ്ങൾ തീർക്കാൻ

അവനും ഞാനും

തമ്മിൽ ഒന്നാകാൻ ....

റുഷൈദ് . എം

9 C

# സന്ധ്യാവിശുദ്ധി

സന്ധ്യയ്ക്കെന്തിനി പകുതി കറുപ്പ്
പക്ഷികൾ ചേക്കേറും ചിറകടിശബ്ദമെന്തിന്
മാനം സിന്ദൂരമണിയുന്നു എന്നാൽ അതിൽ-
ക്കറുപ്പ് ചായം പതുക്കെ പുരളുന്നു.
വളക്കിലുക്കങ്ങൾ അകത്തളങ്ങളിലേക്ക്
മറയുന്നു ഓടിയൊളിക്കുന്നു
ഒരുകൊതി ഒറ്റയ്ക്കൊന്നു കറങ്ങിയാലോ
ദിനവും പോകാറുള്ള ബന്ധുക്കൾ
നിത്യേന കാണും കടകൾ
പിന്നിടുന്ന വഴികൾ
രാത്രിലവ എങ്ങനെ എങ്ങനെ
പക്ഷേ ഇരങ്ങും മുമ്പ്
അവസാനമായി യാത്ര പറയണം
ഇല്ലെങ്കിൽ പിന്നീട് ചിലപ്പോൾ
വിശുദ്ധിയുടെ സന്ധ്യാദീപം തെളിയിക്കാൻ
തിരിച്ചാപടി കയറണമെന്നില്ല.

# ഉണരുക

ഉണരുക ചെറുകിളകളെ
ഉദയഗീതി പാടുക
പുൽകൾ പൂക്കൾ ചൂടിടും
പുകളകമേറ്റ വാങ്ങുക
ഉദയസൂര്യ കിരണശോഭ-
അവനിയാകെ നിറയവേ
ഇരുളകന്ന സകലവും
വിളങ്ങിടുന്ന കാണുക
നിലാവാനിൽ നീളെ നിങ്ങൾ
നിർഭയം പറക്കുക.
വഴിയിലെങ്ങുമമൃതധാര
നീളെ നിങ്ങൾ പകരുക
മരുവിലും വസന്തകാന്തി
യണയുവാനായ് പണിയുക.
ഇരവിലും ഉൾക്കണ്ണടയ്ക്കാ-
തുലകിനെ കാത്തീടുക.

# ജീവിതമാം ഒഴുക്കിൽ ...

നേരം പുലരുവാൻ കൊതിയായ് ആ സൂര്യന്
മലമുകളൊന്ന് തൊടാൻ കൊതിയായ്
സൂര്യകിരണങ്ങൾ വാർത്തൊരെൻ മുറികളിൽ
സ്വർണ നിറങ്ങൾ പൂശിയിരുന്നു.....
താഴത്തു വീഴുവാൻ കാത്തു നിൽക്കുന്നിതാ...
കാർമേഘങ്ങൾ ആകാശത്ത്
പെട്ടെന്നിതാ ഒരു ഇടിശബ്ദം പോലെ
വീടിനുപിറകിൽ പിരിമുറുക്ക് ...
ആ കാഴ്ച ദുഷ്കരം ഓർക്കുവാൻ കഴിയാത്ത
മരണ തരണത്തിൽ നിമിഷമാണോ...
കുത്തിയൊലിച്ചൊരാ മണ്ണും പാറകളും
എൻ മരണത്തെ മാടി വിളിച്ചപോലേ...
കുത്തിയൊഴുക്കുമായ് വന്നൊരാ ഉരുൾപൊട്ടൽ
എൻ ജീവിത ഒഴുക്കിനു ശക്തികൂട്ടി
മഴവെള്ളപ്പാച്ചലിൽ ഞാൻ കണ്ട കാഴ്ചകൾ
ഒഴുകിഅലയുന്ന ഗ്രാമത്തെയായി.....
മരമൊഴുകുന്നു വീടൊഴുകുന്നു
എന്റെ സമ്പത്തുമെല്ലാം ഒഴുകുന്നു..
പ്രളയമാം ഒഴുക്കിലൂടൊരിടത്ത് എത്തി ഞാൻ
ഒരു കൂന മണ്ണും എൻ പിറകിൽ...
കൺതുറന്നപ്പോൾ ഞാൻ കണ്ട വാർത്തകൾ
ഒഴുക്കിൽ പെട്ട കേരളത്തെ..

# തുള്ളിച്ചാട്ടം

ആകാശത്ത് മേഘങ്ങളുടെ
ഉന്തും തള്ളും
' കടക്ക് പുറത്ത്' എന്ന്
ഏപ്രിൽ തുടങ്ങിയിട്ടേയുള്ളൂ.
വേഗം ചെന്നാൽ,
പ്രാക്കലും പരാതിയും....
വംശനാശത്തിന്റെ വക്കിലുള്ള
ചില വിവേകികൾ മാത്രം,
കാലാവസ്ഥാവ്യതിയാനമെന്നും
താൻ കുഴിച്ച കുഴിയെന്നും
തിരിച്ചറിവോടെ പ്രസ്താവിക്കും;
ഒറ്റക്കണ്ണൻ കിണറുകളും
നീർക്കോലിത്തോടുകളും
വഴി മറന്ന പുഴകളും
ആർത്തിയോടെ വാപിളർക്കും
മൺത്തരികളെ പുണർന്ന്
ആഴ്ന്നിറങ്ങാൻ,
മുൻ ജന്മത്തിൽ പുണ്യം ചെയ്ത ,
ചില തുള്ളികൾക്കേ ഭാഗ്യമുള്ളൂ!
ഇക്കിളിയാക്കി വഴുതിയിറങ്ങാൻ,
ഒരു ചേമ്പിലയെ സ്വപ്നം കണ്ട്
എടുത്തുചാടി!
കോൺക്രീറ്റിന്റെ കൊലച്ചിരി മാത്രം
നീർത്താതെ പെയ്തു....

ARYANANDA : 10 C

## FRIGHTENING WORLD

I am living in a precious world
But now, it's a dumping world!
I hope my future world
But the dumping world hate me!
I release my emotion with nature
But now, the nature frightening me!

## LIVING BOND....

I have a friend,
She is my whole
But I have an enemy
She destroy my life
But now, I am happy
Because, my friend,
gave me a special courage!

Fathima K V 9 C

# OUR
# GOOD LUNGS




ലൈബ്രറി



# മിഴി

അവളുടെ മിഴികൾക്ക് കടുംകാപ്പി നിറം
കണ്ണാടി പോൽ ഞാനതിൽ നിറഞ്ഞു നിന്നു....
കൺമഷി ചാർത്തിയ ഭംഗിയാലവളുടെ
കണ്ണുകൾ എൻ മനസ്സിൽ പതിഞ്ഞു പോയി....
സുന്ദരമായ കിനാവുകൾ പോലെ ആ
മിഴി പാറിപ്പറക്കുന്നത് ഞാൻ കണ്ടു....
ഒരു കാര്യം പറയുവാൻ ഞാൻ വിളിച്ചനേരം
ആ നോട്ടം എൻ വാക്കുകൾ നിശബ്ദമാക്കി....
മാൻമിഴി പോലുള്ള അവളുടെ കണ്ണുകൾ
പുൽമേട്ടിൽ ചാടിയുല്ലസിക്കും പോലെ....
മീൻമിഴി പോലും തോൽപിച്ച കളയുമീ
കണ്ണുകൾക്കിന്നും ആരാധകർ....

– മാളവിക.വി

8C



# എന്റെ വിദ്യാലയം

ഉദുമ പഞ്ചായത്തിൽ ബാര ഗ്രാമത്തിലാണ് G.H.S ബാര എന്ന എന്റെ വിദ്യാലയം.അഞ്ചാം ക്ലാസിലേക്കാണ് ഞാൻ ബാര സ്കൂളിൻെറ പടികടന്നെത്തിയത്. എൻെറ ഏട്ടനും ഇവിടെയാണ് പഠിച്ചത്.ഏട്ടൻ സ്കൂളിലെ പൂന്തോട്ടത്തെയും മരങ്ങളെയും കുറിച്ച് പറയും അപ്പോഴേ എനിക്ക് എന്തെന്നില്ലാത്ത ആഹ്ലാദമായിരുന്നു ഇവിടെ പഠിക്കാൻ. ഏട്ടൻ പഠിക്കുമ്പോഴാണ് ഹൈസ്കൂളായി ഉയർത്തിയത്.ആദ്യമൊക്കെ ഹൈസ്കൂൾ ക്ലാസുകൾ ഓലഷെഡ്ഡിലായിരുന്നു നടന്നിരുന്നത്.ഇന്ന് ബിൽഡിങ്ങൊക്കെ ആയി ക്ലാസ് മുറികളൊക്കെ ടൈൽസ് പാകി.ബാര സ്കൂളിലെ കുട്ടികളുടെ കഴിവുകൾ അധ്യാപകൻമാർ പ്രോത്സാഹിപ്പിക്കുന്നു.എല്ലാ ക്ലാസ്സ് മുറികളും ഹൈടെക്ക് സാങ്കേതികവിദ്യ നിറഞ്ഞുനിൽക്കുന്നു.
ഞാൻ ഉറപ്പ് നൽകുന്നു ഇനിയും നമ്മുടെ വിദ്യാലയം വളരെ ഉയരത്തിൽ നിൽക്കുമെന്ന്.

* * * * * * *

# ഒഴുകിക്കൊണ്ടിരിക്കുന്നു

സമയമൊഴുകുന്ന പുഴയെക്കാൾ വേഗത്തിൽ
പത്തുമാസം ആറ്റുനോറ്റിരുന്നു.
കു ഞ്ഞിക്കാലൊന്നു കാണാൻ.ക്ലോക്കിലെ
സൂചിചലിക്കുന്നതുനോക്കി കണ്ണടയ്ക്കാതെ
നിന്നകാലം സ്നേഹമൂട്ടിവളർത്തി.
കൈ വളരുന്നതും കാൽ വളരുന്നതും നോക്കിനിന്നു.
കലണ്ടറിലെ താൾ മറഞ്ഞു .
മൂന്നു താളും നീങ്ങിക്കഴിഞ്ഞു.നേരമൊഴുകി പുഴയെക്കാൾ
വേഗത്തിൽ.കുഞ്ഞുവളർന്നു കുഞ്ഞിനറിവും വളർന്നു
കാലമേ മാറിക്കഴിഞ്ഞു.

Vishnu

# മഴ

നൊമ്പരമെഴുതിയ

മഴയേ . . . .

എത്ര നീ വേദന

തന്നുവെന്നാലും

പ്രണയിച്ചു

പോയില്ലെ നിന്നെ

ഞാൻ മഴയേ . . .

ഇനിയുള്ളകാലവും

പ്രണയിച്ചുപോയിടും

നിന്നെ ഞാൻ മഴയെ

നിൻ മഴത്തുള്ളി

കിലുക്കമാണിപ്പഴും

എൻ ഇടനെഞ്ചിൽ

ഹൃദയതാളം

സൗരവ് . എ

# കൂട്ടുകാരി

പ്രാണനെപ്പോലെ ഞാൻ
സ്നേഹിച്ചിട്ടുന്ന നീ
ഒരു നാളുമെന്നെ വിട്ടു പിരിയരുതെ
എൻ വിഷമങ്ങളിൽ
എന്നെ ആശ്വസിപ്പിച്ച നീ
കൂടെ നിന്നു ചതിക്കരുതെ
എൻ സന്തോഷങ്ങളിലും
ദുഃഖങ്ങളിലും ഒരുപോലെ
പങ്കുചേരുന്നൊരു
മുത്താണു നീയെൻ കൂട്ടുകാരി
ജീവിതത്തിലുടനീളം
ഓർത്തുവയ്ക്കുവാനായി
നിന്നോടൊപ്പമുള്ള
ഓർമ്മകൾ മാത്രം എനിക്ക് സ്വന്തം......

- കാവ്യ മുരളി.പി
9C

# സ്മൃതിസഞ്ചാരം

**ജീവിതനൗകയിൽ ഒഴുകിയെത്തിടുന്ന,**
**മധുരോജ്ജ്വലമായൊരീ ഓർമ്മകൾ.....**
**മുറ്റത്തെ വള്ളിപ്പടർപ്പുപോൽ തിങ്ങി–**
**പ്പടർന്നു രസിക്കുന്നൊരെന്നോർമ്മകൾ.....**
**പുലരിക്കുളിരിൽ ഗാനകോകിലങ്ങൾ വന്നു–**
**മൂളിപ്പകർന്നൊരാ സംഗീതവും,**
**ജീവിതമർത്ഥവത്താക്കുവാനെത്തിയ**
**കൂട്ടർതൻ സാന്ദ്രസൗഹൃദവും.....**
**നിദ്രയിൽ സ്വപ്നസ ഞ്ചാരങ്ങളിന്നുമെൻ**
**ജീവിതം തഴുകുവാനെത്തിടുന്നു.....**

**– ഫാത്തിമ നാസ്**
**9 C**

# ബാര

## ചരിത്രം - സമൂഹം

**ബാരയുടെ**

**പ്രാദേശിക ചരിത്ര രചന**

**സോണിയ മോഹൻ 10 എ**

# ബാര അടിസ്ഥാന വിവരങ്ങൾ

വില്ലേജ് : ബാര
താലൂക്ക് : ഹൊസ്ദുർഗ്
ജില്ല : കാസറഗോഡ്
പഞ്ചായത്ത് : ഉദുമ
വാർഡുകൾ : 2,3,4,5,6,7
ആകെ വീടുകൾ : 2350
ജനസംഖ്യ : 13000
തോടുകൾ 1
കെ എസ് ബി സബ്സ്റ്റേഷൻ : 1
പോസ്റ്റ് ഓഫീസ് : 2
വില്ലേജ് ഓഫീസ് : 1
ആയുർവേദ ആശുപത്രി : 1
കുടുംബക്ഷേമ കേന്ദ്രം : 2
സ്കൂൾ : 3
ക്ഷേത്രങ്ങൾ : 7
പള്ളി : 7
തറവാട് വീട് : 17
കാവ് ക്ഷേത്രങ്ങൾ : 8
തെയ്യ ക്ഷേത്രങ്ങൾ : 9
വായനശാലകൾ : 5
ക്ലബ്ബുകൾ : 15
അംഗൺവാടികൾ : 12
സാക്ഷരത നിരക്ക് : 92%
കലകൾ : പൂരക്കളി , കോൽക്കളി
കായിക വിനോദങ്ങൾ : ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ,കബഡി

## ബാര

മദ്രാസ് സംസ്ഥാനത്തിന് കീഴിൽ ദക്ഷിണ കാനറ ജില്ലയിലെ കാസർഗോഡ് താലൂക്കിൽപ്പെട്ട ഗ്രാമങ്ങളിൽ ഒന്നാണ് ബാര . കൃഷിക്കാരും തൊഴിലാളികളും നാടൻ പണിക്കാരും കുടിയാന്മാരും അടങ്ങുന്ന ജനവിഭാഗം വിരലിലെണ്ണാവുന്ന ജന്മിമാരുടെ കീഴിലായിരുന്നു പണിയെടുത്തിരുന്നത്. ചാതുർവർണ്യ വ്യവസ്ഥിതി ശക്തമായി നിലനിന്നിരുന്ന ഗ്രാമമായിരുന്നു ബാര.

**സ്ഥലനാമ ചരിത്രം** : ബാരതോടിന്റെ ഇരുകരകളിലുമുണ്ടായിരുന്ന നീണ്ടു പരന്ന പാടങ്ങൾക്ക് ഇരു കരകളിലുമായി അന്നത്തെ സമുദായ ശ്രേഷ്ഠന്മാരായ ബ്രാഹ്മണർ, വിവിധ നായർ തറവാട്ടുകാർ, കായർത്തായമാർ, ചേരിയക്കാർ ( കന്നട സംസാരിക്കുന്നവർ ) തുടങ്ങിയവരും അനേകം ഉപജാതിക്കാരും താമസിച്ചിരുന്നു. ഇവരിൽ മേൽക്കോയ്മക്കാരായ മുല്ലശ്ശേരിക്കാരും, പേറ, തുളുശ്ശേരിക്കാരും,കോടോത്ത് നായർ കുടുംബക്കാരും ജനങ്ങളിൽ നിന്ന് ഭീമമായ'ബാരം' ( നികുതി ) ഈടാക്കിയായിരുന്നു ഭരിച്ചുകൊണ്ടിരുന്നത്. "ജന്മിമാരുടെ സ്ഥലം പാട്ടത്തിനെടുത്ത് പാട്ടവും നികുതിയും നൽകി കർഷകർ ജന്മി വിഭാഗത്തെ തീറ്റിപ്പോറ്റി. കൃഷി ചെയ്തു കിട്ടുന്ന നെല്ല് 'ബാര'മായി ( നികുതി ) അളന്ന് നൽകുന്ന ഇടം എന്നത് ലോപിച്ചാണ് പിൽക്കാലത്ത് 'ബാര'യായി മാറിയത് എന്നൊരു അഭിപ്രായം പൂർവ്വികരുടെ ഇടയിൽ രൂപപ്പെട്ടുവന്നു". ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് നെൽ വയലുകൾ ഒഴിച്ചുള്ള ബാക്കി വിശാലമായ സ്ഥലങ്ങളിലൊന്നും ഇന്ന് കാണുന്ന തരത്തിലുള്ള നാണ്യ വിളകൾ കൃഷി ചെയ്തിരുന്നില്ല. അങ്ങനെ അതിവിശാലമായി തരിശായി കിടന്ന ബാരയിലെ സ്ഥലങ്ങളെ നോക്കി ഇംഗ്ലീഷുകാർ 'ബാരൻ പ്ലേയിസ് ' ( Barren place ) എന്ന് പറഞ്ഞത് ചുരുങ്ങി 'ബാര' ആയി വന്നത് ആകാമെന്ന അഭിപ്രായമുണ്ട്. ഈ മേഖലകളിൽ കന്നട ഭാഷയ്ക്കായിരുന്നു അക്കാലത്ത് പ്രാധാന്യം. തുളു സംസാരിക്കുന്നവരും ധാരാളമുണ്ടായിരുന്നു. അതുകൊണ്ട് തന്നെ സ്ഥലനാമങ്ങൾക്ക് പലതിനും തുളു, കന്നട ഭാഷകളുടെ സ്വാധീനം ഉണ്ടായിരുന്നു.

### ഭൂമിശാസ്ത്രപരമായ സവിശേഷതകൾ

ബാര ഒരു കാർഷിക ഭൂമിയായിരുന്നു. മൺസൂൺ നാല് മാസവും തുലാവർഷം ഒരു മാസത്തിലധികവും, വേനൽ മഴ ആവശ്യത്തിനും ലഭിച്ചിരുന്നു. ബാരയുടെ വടക്കെ അറ്റത്ത്

ചന്തക്കുന്നും ആടിയത്ത് കുന്നും മധ്യഭാഗത്തായി ഉണ്ടക്കുന്നും കിഴക്ക് തെക്കായി പാലോടത്ത് ചപ്പിനിക്കര കുന്നും തെക്ക് കിഴക്കായി എരോൽക്കുന്നും ജലസംരക്ഷണ സ്പോഞ്ച് പോലെ കാർഷിക മേഖലയ്ക്ക് താങ്ങായി നിന്നു. ബാരയുടെ പടിഞ്ഞാറ് ഭാഗത്ത് സമതല പ്രദേശമാണെങ്കിലും ഇടനാട് താഴ്ന്ന പ്രദേശങ്ങളായിരുന്നു. പ്രധാനപ്പെട്ട ലാട്രേറ്റുകളിലൊന്നായ ചെങ്കല്ലുകൾ ധാരാളമായി ബാരയിൽ കണ്ടുവരുന്നു.

കൃഷിക്ക് അനുകൂലമായ എക്കൽ മണ്ണുകൾ പകൃതിക്ഷോഭത്തിന്റെ ഫലമായി പതിറ്റാണ്ടുകൾക്കു മുമ്പ് മലയിടിഞ്ഞ് വൻമരങ്ങൾ ഭൂമിക്കടിയിലായ അവസ്ഥ ഇന്നും പല കിണറുകളുടെ അടിത്തട്ടിലും കറുത്ത പഴകിയ മരങ്ങളുടെയും ഫോസിലുകളുടെയും അവശിഷ്ടങ്ങൾ കാണാം. പൊയിനാച്ചി കുന്നിൽ നിന്നും ആടിയത്ത് കുന്നിൽ നിന്നും ഉത്ഭവിച്ച് അനേകം ചെറു അരുവികളുടെ കൂടിച്ചേരലുകൾക്ക് ശേഷം, പതിയെ വികസിച്ച് ബാരയുടെ പ്രധാന നീരുറവയായി മാറിയ 'ബാരത്തോടാ'ണ് കാർഷിക സമൃദ്ധിക്ക് വെള്ളം എത്തിക്കുന്നത്. കേവലം ഏഴ് കിലോമീറ്റർ നീളം മാത്രമുള്ള കേരളത്തിലെ ചെറിയ പുഴകളിലൊന്നായ ബേക്കൽ പുഴയാവുന്നത് ബാരത്തോടാണ്.

## ബാരയുടെ കാർഷിക ചരിത്രം

കാർഷികവൃത്തി ജനങ്ങളുടെ ജീവിതത്തെ ഏറെ സ്വാധീനിച്ചു . കാർഷികേതര തൊഴിലുകൾ വളരെ പരിമിതമായിരുന്നു. 'വിരിപ്പ്', 'പുഞ്ച', 'കൊളക്ക' എന്നീ വിളകൾ കൃഷി ചെയ്തിരുന്നു. വാഴ,വെള്ളരി , മധുരക്കിഴങ്ങ്,പച്ചക്കറികൾ, പുകയില എന്നീ കൃഷികളെ 'തിടില് ' എന്നു പറയുന്നു. 'കരയോടി' എന്നും ഇത് അറിയപ്പെടുന്നു.

ഒന്നാം വിള മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്തിരുന്നത്. രണ്ടാം വിള തോടുകളിൽ ചിറകെട്ടി വെള്ളം തേവി എടുക്കുകയാണ് ചെയ്തിരുന്നതത്. മൂന്നാം വിള ഏത്താം കോട്ട ഉപയോഗിച്ച് വെള്ളം മറിച്ചുമാണ് കൃഷി ചെയ്തിരുന്നത്. കാളകളെ ഉപയോഗിച്ചാണ് നിലം ഉഴുതിരുന്നത്. പല്ലംകത്തി, ചെറുവാക്കത്തി, തട്ടുപ്പ,മുറം,പറ,ഇടങ്ങഴി,കൈക്കോട്ട്,പിക്കാസ് എന്നിവയുടെ ഉപയോഗം ട്രാക്ടർ , ട്രില്ലർ എന്നിവയോടുകൂടി 'ബാര' ഗ്രാമത്തിൽ നിന്ന് അന്യം നിന്നു പോയി.

മേടമാസത്തിലെ മുഹൂർത്തത്തിൽ വിത്തിടൽ ചടങ്ങുകൾ നടത്താറുണ്ട്. എടവപ്പാതിയിൽ ഞാറുകൾ പൊരിച്ചു നടും. ഞാറുകൾ നടുമ്പോൾ ഞാറ്റുപാട്ടുകൾ പാടാറുണ്ട്. കന്നിമാസത്തിലെ കൊയ്ത്തിന് പാടുന്ന കൊയ്ത്തിന് പാടുന്ന കൊയ്ത്തുപാട്ടും വളരെ രസകരമാണ്.

## വികസന ചരിത്രം

പത്തായപ്പുരകളിലും എഴുത്താശാന്മാരുടെ വീടുകളിലും ചെറിയ തോതിൽ രൂപപ്പെട്ട ഗുരുകുല വിദ്യാഭ്യാസം, സാംസ്കാരിക നവോത്ഥാന നായകന്മാരുടെ പ്രവർത്തനങ്ങൾ, ദേശീയ സ്വാതന്ത്ര്യ സമര കാലത്ത് രൂപപ്പെട്ട സ്വാതന്ത്ര്യ ബോധം , നാട്ടിപ്പാട്ടുകൾ, കോൽ ക്കളിപ്പാട്ടുകൾ, കടങ്കഥകൾ എന്നീ വാമൊഴികളിലൂടെയും സാമൂഹ്യ മാറ്റങ്ങൾ, ഭൂപരിഷ്കരണത്തിന് ശേഷമുണ്ടായ സുസ്ഥിര ചിന്തകൾ, വിദ്യാഭ്യാസ പരിഷ്കാരങ്ങൾ എന്നിവ ബാരയുടെ സാമൂഹിക വികസനത്തിന് ആക്കം കൂട്ടി. ബാരയിലെ കോടോത്ത് വളപ്പിൽ ആരംഭിച്ച നിലത്തെഴുത്ത് വിദ്യാഭ്യാസവും 1952 മുതൽ ആരംഭിച്ച സർക്കാർ പ്രൈമറി പള്ളിക്കൂടവും ബാരയുടെ വികാസത്തിന് അക്കം കൂട്ടി.

ഗ്രാമത്തിന്റെ അതിർത്തിയിലൂടെ കടന്നു പോകുന്ന ദേശീയപാതയും ഒട്ടനവധി പ്രാദേശിക റോഡുകളും തീവണ്ടി സർവീസുകളും ഗ്രാമത്തിന്റെ വികസനത്തിന് ആക്കം കൂട്ടി. ബേക്കൽ ഫിഷറീസ് ഹൈസ്കൂൾ , കാസർഗോഡ് ഗവൺമെന്റ് കോളേജ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് പലരും ഉന്നത വിദ്യാഭ്യാസം നേടി. മംഗലാപുരത്തെ വെൻലോക്ക് ആശുപത്രി, ഫാദർമുള്ളർ ആശുപത്രി, പരിയാരം ടി.ബി.സാനിറ്റേറിയം എന്നീ ആതുരാലയങ്ങൾ സൗജന്യ ചികിത്സ സേവനം നല്കിയിരുന്നതിനാൽ വിദഗ്ധ ചികിത്സ പലർക്കും ലഭിച്ചു. പാലങ്ങൾ വന്നതോടെ നാട് വികസനത്തിന്റെ പുതിയ പാതയിലേക്ക് സഞ്ചരിക്കുകയും ചെയ്തു.

### വികസനത്തിന്റെ ചാലകശക്തികൾ

ബാര ഗ്രാമത്തിന്റെ വികസനത്തിന് ചാലകശക്തിയായി മാറാൻ നിരവധി പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചിരുന്നു. വികസനകാര്യത്തിൽ അതാത് കാലങ്ങളിൽ ഇത്തരം പ്രസ്ഥാനങ്ങളുടെ സംഭാവനകൾ വിലയേറിയതാണ്. ദേശിയ സ്വാതന്ത്ര്യ സമര കാലഘട്ടം മുതലേ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഇവിടെ സജീവമായിരുന്നു. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയും , പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയും ശക്തി പ്രാപിച്ചു. തുടർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടികൾ ചെറിയ രീതിയിൽ പ്രവർത്തനം ആരംഭിക്കുകയും തൊഴിലാളികളുടെയും കർഷകരുടെയും ഇടയിൽ പെട്ടെന്ന് സ്വാധീനം നേടുകയും ചെയ്തു. കടവങ്കാനം കുഞ്ഞമ്പു നായർ, അമ്പുഞ്ഞി നായർ മുല്ലശ്ശേരി, ചന്തം കുഞ്ഞി വെടിക്കുന്ന്, സി.കെ.കുണ്ടം നായർ, മൊട്ടമ്മൽ കുഞ്ഞമ്പു നായർ, കടവങ്കാനം കുഞ്ഞികൃഷ്ണൻ നായർ, പാറക്കടവ് ബാലകൃഷ്ണൻ തുടങ്ങിയ രാഷ്ട്രീയ

നേതാക്കന്മാർ ബാരയുടെ വികസനത്തിന് മുഖ്യ സംഭാവനകൾ നൽകി. നിരവധി സാമൂഹ്യ പ്രവർത്തകർ ഇക്കാലയളവിൽ ബാരയുടെ വികസനത്തിനായി അക്ഷീണം പ്രവർത്തിച്ചിട്ടുണ്ട്. നിരവധി ക്ലബ്ബുകളും , സാംസ്കാരിക സംഘടനകളും, വായനശാലകളും ഇക്കാലയളവിൽ ഇവിടെ പ്രവർത്തിച്ച വന്നിരുന്നു. തിലക് സ്മാരക കലാസമിതി, യുവജന ബാര, ബാര നാടകസംഘം, ഗാന്ധി സ്മാരക വായനശാല എന്നിവ ഇക്കൂട്ടത്തിൽ പെടും. ആദ്യ കാലങ്ങളിൽ വിവിധ പ്രദേശങ്ങളിൽ നിന്നും ജോലി തേടിയെത്തിയ അധ്യാപകരും മറ്റു ജോലിക്കാരും ഈ നാടിന്റെ വികസനത്തിനായി ഉജ്ജ്വലമായ വൈജ്ഞാനിക സംഭാവനകൾ നൽകിയിട്ടുണ്ട്.

## പരദേശ ബന്ധം

തൊഴിലിനും, വിദ്യാഭ്യാസത്തിനും, വിനോദത്തിനുമായി അന്യദേശങ്ങളിൽ യാത്ര ചെയ്യുകയും, താമസിക്കുകയും ചെയ്ത പലരും ഇവിടെ ഉണ്ടായിരുന്നു. ഉന്നത വിദ്യാഭ്യാസം നേടാൻ മംഗലാപുരം, കോഴിക്കോട്, മദ്രാസ്, ബാംഗ്ലൂർ എന്നിവിടങ്ങളിലേക്ക് ചേക്കേറിയവർ ധാരാളമുണ്ടായിരുന്നു. ജോലിക്കും കച്ചവടത്തിനുമായി പേർഷ്യയിലേക്കും സിലോണിലേക്കും ബോംബെയിലേക്കും പോയവർ ബാര ഗ്രാമത്തിന്റെ മുഖഛായ മാറ്റാൻ പിൽക്കാലങ്ങളിൽ സജീവമായി ശ്രമിച്ചിട്ടുണ്ട്. ആദ്യകാല കപ്പലോട്ടക്കാരും ശ്രീലങ്ക, സിംഗപ്പൂർ എന്നിവിടങ്ങളിൽ ജോലിക്ക വേണ്ടി പോയവരും ധാരാളമുണ്ടായിരുന്നു. അന്നാട്ടിലെ പരിഷ്കാരങ്ങളും ജീവിത രീതികളും വസ്ത്രധാരണ രീതികളും, ഫാഷനും മറ്റു ജീവിത രീതികളും ഇവിടേക്ക് പറിച്ച നട്ടു.

## ചരിത്രശേഷിപ്പുകളും അടയാളങ്ങളും

ബാരയുടെ ചരിത്രവുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായ ശേഷിപ്പുകൾ ഗ്രാമത്തിന്റെ പലഭാഗങ്ങളിലായി കാണാം. അടുക്കത്ത് വയലിലുള്ള ചുമട്ടു താങ്ങി, വഴിയാത്രക്കാർക്ക് വിശ്രമിക്കാനുള്ള സത്രം, കുളിക്കുവാനുള്ള കുളം എന്നിവ ഈ ചരിത്ര ശേഷിപ്പുകളിലെ ചിലതാണ്. ബാര കടവങ്ങാനത്തുള്ള പത്തായപ്പുര നിരവധി ക്ഷേത്രങ്ങളിൽ കാണപ്പെടുന്ന മണിക്കിണറുകൾ , പ്രാചീന വിഗ്രഹങ്ങൾ, ഓട്ടു പാത്രങ്ങൾ , മൺപാത്രങ്ങൾ, കൊത്തുപണികൾ എന്നിവ പൂർവ്വകാല ഗരിമയുടെ നേർചിത്രങ്ങളാകുന്നു. ലക്ഷ്മി വിളക്കുകൾ, നക്ഷത്ര വിളക്കുകൾ തുടങ്ങിയ പൂജാ വിളക്കുകൾ വിവിധ തരം പത്തായങ്ങൾക്ക് പറകൾ,

പത്തനംകൊട്ട് (ഭസ്മക്കൊട്ട), തിരുവായുധങ്ങൾ, ചെല്ലപ്പെട്ടികൾ, പണപ്പെട്ടി, ഔഷധപ്പെട്ടി, ആഭരണപ്പെട്ടി, കാടിപ്പലക തുടങ്ങിയ മുഖ്യ ചരിത്രശേഷിപ്പുകളായി നിലനിൽക്കുന്നു. വിവിധ കാലഘട്ടത്തിൽ പ്രചാരണത്തിൽ ഉണ്ടായ നാണയങ്ങൾ, താളിയോലകൾ, ചെമ്പ് തകിടുകൾ, നാരായങ്ങൾ മുതലായവ പൂർവ്വകാല ജീവിതത്തിന്റെ നേർക്കാഴ്ചകളാകുന്നു.

## ആധുനികതയിലേക്കുള്ള കാൽവെപ്പ്

ആധുനിക വിദ്യാഭ്യാസം ലഭ്യമായതിലൂടെ അതിവേഗത്തിലുള്ള വളർച്ചയാണ് ഗ്രാമം കൈവരിച്ചത്. ഗതാഗത യോഗ്യമായ റോഡുകൾ, വൈദ്യുതീകരിക്കപ്പെട്ട വീടുകൾ, എല്ലാവർക്കും ലഭ്യമായ ശുചിമുറികൾ, ശുദ്ധജലം, വാർത്താവിനിമയ സംവിധാനങ്ങൾ, സാങ്കേതിക വിദ്യ, വൈദ്യ സഹായം, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം തുടങ്ങി വ്യക്തി വികാസത്തിന് ഉതകുന്ന എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഗ്രാമത്തിൽ നിന്ന് ലഭ്യമാണ്. നാടിന്റെ യശസ്സ് ഉയർത്തുന്നതിൽ, സാംസ്കാരിക ഉന്നതി നേടുന്നതിൽ ഇവിടത്തുകാർ പണ്ടേ മുൻ പന്തിയിൽ ആണ്. നാടക രംഗത്ത് ശ്രദ്ധേയനായ എം.എസ്.നായർ, കണ്ണൻ പണിക്കർ, നാരായണി ടീച്ചർ, സിനിമാ രംഗത്ത് ശ്രദ്ധേയനായ സുധീഷ് ഗോപാലകൃഷ്ണൻ, ചിത്ര കലാരംഗത്ത് ശ്രദ്ധേയനായ ബാര ഭാസ്കരൻ, എഴുത്ത് രംഗത്ത് ശ്രദ്ധേയനായ അംബികാസുതൻ മാങ്ങാട്, മാങ്ങാട് രത്നാകരൻ, അക്കാദമിക് രംഗത്ത് ശ്രദ്ധേയനായ കാദർ മാങ്ങാട്, ചിത്ര കലാ രംഗത്ത് ശ്രദ്ധേയനായ ബി.കൃഷ്ണൻ തുടങ്ങിയവർ സാംസ്കാരിക മേഖലയിൽ ഉന്നതമായ സംഭാവനകൾ നൽകിയവരാണ്. നിരവധി രാഷ്ട്രീയ – സാമൂഹിക രംഗങ്ങളിൽ മികവ് തെളിയിച്ച വ്യക്തിത്വങ്ങളും ഇന്നാട്ടിൽ സജീവമായിരുന്നു. ലോകത്തിന്റെ തുടിപ്പുകൾ എല്ലാം ഈ നാടിന്റെ തുടിപ്പുകളായി മാറ്റാൻ പോവുന്ന ചാലകശക്തികൾ അതായത് കാലങ്ങളിൽ ഇവിടെ ജന്മം കൊണ്ടിരുന്നു. കർഷക തൊഴിലാളികളും നീർമാമാണ തൊഴിലാളികളും തുടങ്ങി എല്ലാ മേഖലയിലെ തൊഴിലാളികളും മറ്റു ജനങ്ങളും തോളോടു തോൾ ചേർന്ന് അവരവരുടെ കർത്തവ്യങ്ങൾ ആത്മാർത്ഥമായി നിറവേറ്റിയതിലൂടെ ഒരു ഗ്രാമം ഈ വികസന ഭൂമികയിലേക്ക് ഉയർന്നു വന്നു.

ഇന്നും ഞങ്ങളുടെ 'ബാര' എന്ന പ്രദേശം ഗ്രാമീണ തനിമയോടെ നിലനിൽക്കുന്നുണ്ട്.

## കടപ്പാട്

ബാരയിലെ പ്രാദേശിക ചരിത്ര രചനയ്ക്ക് ആവശ്യമായ വിവരങ്ങൾ നൽകിയ ചെറുതും വലുതുമായ എല്ലാ വ്യക്തിത്വങ്ങളോടും ഞാൻ കടപ്പെട്ടിരിക്കുന്നു. ആധികാരിക വിവരങ്ങൾ തന്ന കർഷകനായ കുഞ്ഞിക്കണ്ണൻ പാലോടത്ത്, മാധവിയമ്മ പാറക്കടവ്, കുമാരൻ വടക്കം തൊട്ടി, ബാലകൃഷ്ണൻ നായർ മുല്ലശ്ശേരി, രാഘവൻ അംബാപുരം, നാരായണിയമ്മ ബാര, സാമൂഹ്യ പ്രവർത്തകനായ മോഹൻ മാങ്ങാട്, കടവങ്കാനം കുഞ്ഞിക്കേളു നായർ എന്നിവരോടും ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ പി ആർ പ്രദീപ് സാർ, അധ്യാപകരായ പ്രദീപ് , ഉഷ കാന്തി എന്നിവരോടും കടപ്പെട്ടിരിക്കുന്നു.

## ഉപസംഗ്രഹം

മനുഷ്യന്റെ പരിണാമ വികാസത്തിൽ അവൻ ജീവിക്കുന്ന സാംസ്കാരിക ഭൂമിക വലിയതോതിൽ സ്വാധീനം ചെലുത്തുന്നു. ചേറിലും ചെന്താമര വിരിയിക്കുന്ന അധ്വാന ശീലരായ പൂർവ്വസൂരികൾ സ്വജീവിതം കൊണ്ട് പണിതുയർത്തിയ കാർഷിക ഗ്രാമമായ 'ബാര' യുടെ ഹൃദയത്തുടിപ്പുകൾ പച്ചയായി വിവരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ബാരയുടെ വികസന സഞ്ചാരത്തിൽ തെളിഞ്ഞു നിൽക്കുന്ന വിത്തുകളെ കോർത്തിണക്കി. ഒരു ചരിത്ര രേഖയായി വെളിച്ചത്ത് കൊണ്ടുവരാൻ സാധിച്ചതിൽ സന്തോഷിക്കുന്നു. ഈ എളിയ ശ്രമത്തിന് കൂടെ നിന്ന എല്ലാവർക്കും ഹൃദ്യമായ നന്ദി !.



സോണിയ മോഹൻ 10 B

ഗവൺമെൻറ് ഹൈസ്ക്കൂൾ

ബാര

കാസർഗോഡ് - 671319



# വിരൽത്തുമ്പത്തും വേണം,നിയന്ത്രണം....

ഇത് പുരോഗതിയുടെ കാലഘട്ടമാണ് . എല്ലാ മേഖലകളിലും മനുഷ്യർ ഉന്നതിയിലേക്ക് കുതിക്കാനുള്ള ലക്ഷ്യങ്ങളും തയ്യാറെടുപ്പുകളും നടത്തുന്നു.സമ്പൂർണ്ണമായും പുരോഗമനം നേടുക എന്ന ഒരൊറ്റ ലക്ഷ്യമാണ് ഇന്ന് മനുഷ്യർ പിന്തുടരുന്നത് . സാങ്കേതികവിദ്യാരംഗത്തുകൂടി നാം മികവ് തെളിയിച്ചു-കൊണ്ടിരിക്കുന്നു. സെൽഫോണുകൾ, ലാപ്ടോപുകൾ, ഐ-പാടുകൾ തുടങ്ങി നിരവധി അനവധി ഉപകരണങ്ങൾ ഉപയോഗിച്ച് ധാരാളം സാമൂഹ്യമാധ്യമങ്ങൾ വഴി നാം മറ്റുള്ളവരുമായി ബന്ധപ്പെടുന്നു. ഇന്ന് സമൂഹത്തിന് ഒഴിച്ചുകൂടാനാവാത്തവയാണ് സാമൂഹ്യമാധ്യമങ്ങൾ. അതു നമ്മുടെ ജീവിതത്തിന്റെ ഭാഗമായി മാറിക്കഴി ഞ്ഞു . സാമൂഹ്യമാധ്യമങ്ങൾക്ക് നിശ്ചിതമായ അതിരുണ്ട് . അതും കടന്നു ജീവിതം തന്നെ അവയിൽ ലയിപ്പിച്ച് ജീവിക്കുന്നത് യഥാർഥത്തിൽ ആർക്കും ഗുണം ചെയ്യില്ല. സമൂഹത്തിന് ഉപകാരപ്പെടുന്ന വാർത്തകളും മറ്റും ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക എന്നത് സാമൂഹ്യമാധ്യമങ്ങളുടെ ഒരു ഗുണമാണ് . എന്നാൽ,നാം അതിനും പുറമേ പല തെറ്റായ വാർത്തകളും പ്രചരിപ്പിക്കുന്നു.ജനങ്ങളോട് ചെയ്യുന്ന വഞ്ചനയിൽ ഇത്തരം പ്രവർത്തികൾ ഉൾപ്പെടുന്നു. ഇന്ന് , അത്തരം കുപ്രചാരണങ്ങൾ നടത്തുന്നവരെ ശിക്ഷിക്കാനുള്ള നടപടികളുംവന്നിട്ടുണ്ട് . മറ്റുള്ളവരെ സഹായിക്കാനും അവർക്ക് നന്മ പകർന്നുകൊടുക്കാനും അവരെ നേരായ പാതയിലേക്ക് നയിക്കാനും ഉപയോഗപ്പെടുന്നവയാവണം സാമൂഹ്യമാധ്യമങ്ങൾ.വാട്സ്ആപ്പ് , ഫേസ്ബുക്ക് , ട്വിറ്റർ,ഇൻസ്റ്റാഗ്രാം എന്നിങ്ങനെ പലതരം സാമൂഹ്യ മാധ്യമങ്ങൾ ഇന്ന് നിലവിലുണ്ട് . രാവെന്നോ പകലെന്നോ ഇല്ലാതെ നാം ഇത് ഉപയോഗിക്കുന്നു.ഇവയ്ക്കായി ജീവിതം തന്നെ

ഉഴിഞ്ഞുവെച്ച അവസ്ഥ.ജീവിതം സാമൂഹ്യമാധ്യമങ്ങളുമായി
ലയിച്ചിരിക്കുന്നു.
കുട്ടികളും സാമൂഹ്യമാധ്യമങ്ങളും തമ്മിൽ
വലിയൊരു ബന്ധമാണ് ഇന്ന് നിലവിലുള്ളത് . ചില സാമൂഹ്യ
മാധ്യമങ്ങൾ,കുട്ടികൾക്ക് ഉപയോഗിക്കാനായുള്ളതല്ല എന്ന്
ചിന്തിച്ചുകൊണ്ടുതന്നെ ,അവർ സ്വയം,ചില നിശ്ചിത വയസ്സ്
മുതൽ മാത്രം പങ്ക് ചേരാൻ പറയുന്നു. എന്നാൽ, നാം അതു
അനുസരിക്കുന്നില്ല. ജനനവർഷം മാറ്റി പങ്കു ചേരുന്നു.കുട്ടികൾ
സാമൂഹ്യമാധ്യമങ്ങളുടെ ഉപയോഗം വഴി,വഴിതെറ്റിപ്പോകുന്ന
അവസ്ഥ സമൂഹത്തിൽ എല്ലാവരും ചർച്ച ചെയ്യുന്ന ഒന്നാണ് .
പക്വത വരുന്ന ഒരു കാലത്ത് മാത്രമാണ് രക്ഷിതാക്കൾ അവർക്ക്
പൂർണമായും ഇത്തരം സാമൂഹ്യമാധ്യമങ്ങൾ ഒരു അതിരു വരെ
മാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ, അതും പഠനാവശ്യങ്ങൾക്കും
മറ്റും അത്യാവശ്യങ്ങൾക്കും വേണ്ടി മാത്രം.
ഇന്നത്തെ കാലഘട്ടത്തിൽ, നമുക്ക്
ആരോടും സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കരുത് എന്ന്
തറപ്പിച്ച് പറയാൻ സാധിക്കില്ല.കാരണം, കാലത്തിനൊത്ത്നമ്മളും മാറണം.ഇതൊന്നും
കണ്ടു കേട്ടും വളർന്നില്ലെങ്കിൽ
ഭാവിയിൽ ഒന്നും അറിയാതെ പിന്തള്ളപ്പെട്ടവരായി നാം മാറും.
അതിനാൽ എല്ലാത്തിനും ഒരു നിയന്ത്രണം അനിവാര്യമാണ് .
വികസനവും പുരോഗതിയും നേടിയ ഒരു സമൂഹം എന്നത്
ഏവരുടെയും ആഗ്രഹമാണ് . അതിനാൽ, വിവര
സാങ്കേതികവിദ്യങ്ങൾ ഉപയോഗിക്കുമ്പോൾ കൃത്യമായ
നിയന്ത്രണം പാലിച്ചുകൊണ്ടു തന്നെ ഉപയോഗിക്കണം.
ഇന്നത്തെ കാലത്ത് , ധാരാളമായി ഇവ ഉപയോഗിക്കുന്നവരുണ്ട് .
പ്രത്യേകിച്ചും കുട്ടികൾ.വളർന്നു വരേണ്ട കാലത്ത് , ഇവയിൽ
മാത്രം ജീവിതം അർപ്പിച്ചാൽ,അടുത്ത തലമുറയെ
വാർത്തെടുക്കേണ്ട നമ്മെ തന്നെ നശിപ്പിക്കും.അപരിചിതരുമായി

ഉള്ള സംഭാഷണങ്ങളാണ് ഇന്ന് മുഖ്യമായും ചർച്ചാവിഷയം

ആകുന്നത് . അവർ എങ്ങനെയുള്ളവരാണ് , എന്തിനുവേണ്ടിയാണ്
എന്നൊക്കെ നാം അറിയണം.ഇതൊന്നും അറിഞ്ഞില്ലെങ്കിൽ
കാലമാകുന്ന യാത്രയ്ക്കിടയിൽ നമ്മളും പൊലിഞ്ഞുപോകും.
മൊബൈൽ ഫോണുകൾ നൽകാത്തതിൽ ഖേദം പൂണ്ട് സ്വന്തം
ജീവിതം നശിപ്പിച്ചവരുടെ വാർത്തകൾ നമുക്ക് സുപരിചിതമാണ് .
ഇതിനും പുറമേ,പൊങ്ങച്ചത്തിനും ജനങ്ങളുടെ ഇടയിൽ
ഉന്നതരാവാനും ആഗ്രഹിച്ച് സാമൂഹ്യമാധ്യമങ്ങളെ ഒരു
അസ്ത്രമായി ഉപയോഗിക്കുന്ന പലരും ഇന്ന് നമുക്കിടയിൽ ഉണ്ട് .
നന്മയ്ക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയാവണം നമ്മുടെ ഒരോ ചുവടും
സാമൂഹ്യമാധ്യമങ്ങൾ വഴി നമുക്ക്
ധാരാളം ഗുണങ്ങളുണ്ട് . പെട്ടന്ന് , അത്യാവശ്യമായി വാർത്തകൾ
അറിയാനും പഠനാവശ്യങ്ങൾക്ക് തയ്യാറെടുപ്പുകൾ നടത്താനും മറ്റുപല ആവശ്യങ്ങൾക്കും
നമുക്ക് അവ അനിവാര്യമാണ് . അതിനാൽ
കൃത്യമായ ഇടവേളകൾ പാലിച്ചുകൊണ്ട് , നിയന്ത്രണങ്ങൾ
വെച്ചുകൊണ്ട് നമുക്ക് അവ ഉപയോഗപ്പെടുത്താം.തെറ്റും ശരിയും
വേർതിരിച്ച് നന്മയുടെ പാതയിലൂടെ സഞ്ചരിക്കാം.

ഫാത്തിമ നാസ്

9 C



SHREYA



DIYA